REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യയുടെ പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളുടെ ശില്പി ഡോ. മൻമോഹൻ സിംഗിന് വിട.**
- **മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെ പ്രമുഖർ അനുശോചിച്ചു.**
- **വയനാട് ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുന:രധിവാസത്തിന് ടൗൺഷിപ്പ് നിർമിക്കാൻ ഗവൺമെന്റ് കണ്ടെത്തിയ എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കാമെന്ന് ഹൈക്കോടതി ഉത്തരവ്.**
- **വയനാട് പുന:രധിവാസത്തിന് ഭൂമി ഏറ്റെടുക്കാമെന്ന ഹൈക്കോടതി വിധി സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുകൾ ശരി വയ്ക്കുന്നതാണെന്ന് മന്ത്രി K രാജൻ.**
- **78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ കേരളം ഇന്ന് ജമ്മു കശ്മീരിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളുടെ ശില്പി ഡോ. മൻമോഹൻ സിംഗിന് വിട. ഡൽഹി എയിംസിൽ ഇന്നലെ രാത്രി 9.51നായിരുന്നു 92 കാരനായ മുൻ പ്രധാനമന്ത്രിയുടെ അന്ത്യം. ആരോഗ്യനില വഷളായതിനെ തുടർന്ന് ഇന്നലെ രാത്രി എട്ടോടെയാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന്

ചികിത്സയിലായിരുന്ന ഡോ. മൻമോഹൻ സിംഗ് കടുത്ത ശ്വാസ തടസ്സം അനുഭവപ്പെട്ടതിനെ തുടർന്ന് വീട്ടിൽ കുഴഞ്ഞ് വീഴുകയായിരുന്നു.

AICC ആസ്ഥാനത്തെ പൊതുദർശനത്തിനു ശേഷം ഔദ്യോഗിക ബഹുമതികളോടെ നാളെയാണ് സംസ്കാരമെന്ന് കോൺഗ്രസ് ന്യൂഡൽഹിയിൽ അറിയിച്ചു. സമയക്രമത്തിൽ തീരുമാനം പിന്നീട് അറിയിക്കും.

ആഗോള സമ്പദ് രംഗത്ത് ഇന്ത്യയുടെ യശസ്സ് ഉയർത്തിയ പ്രതിഭാശാലിയായ ശാസ്ത്രജ്ഞനും രാഷ്ട്ര തന്ത്രജ്ഞനുമായിരുന്നു ഡോ. മൻമോഹൻ സിംഗ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...........വോയ്സ്........

ഇന്ത്യയെ ഉദാരവൽക്കരണ നയങ്ങളിലൂടെ സമ്പദ് ശക്തിയാക്കാൻ അടിത്തറ പാകിയ പ്രധാനമന്ത്രി കൂടിയായാണ് കാലം അദ്ദേഹത്തെ അടയാളപ്പെടുത്തുക. സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്താൻ പോയ രാജ്യത്തെ വളർച്ചയിലേക്ക് കൈ പിടിച്ചുയർത്തിയ ദീർഘദർശിയാണ് വിട വാങ്ങിയത്.

അധ്യാപകനായി തുടങ്ങി പ്രധാനമന്ത്രി പദം വരെയെത്തിയ മഹദ് വ്യക്തിത്വമാണ് ഡോ. മൻമോഹൻ സിംഗിന്റേത്. 1991-96 കാലത്താണ് ഇന്ത്യ സാമ്പത്തിക നവ ഉദാരവത്കരണത്തിന്റെ പുതുകാലത്തിലേക്ക് ചുവട് മാറ്റിയത്. അന്ന് ധനമന്ത്രിയായിരുന്ന അദ്ദേഹം സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടി വിദേശ നിക്ഷേപത്തെ പ്രോത്സാഹിപ്പിച്ചു. ഘട്ടം ഘട്ടമായി രൂപയുടെ സ്വതന്ത്ര വിനിമയം അനുവദിച്ച് വിപ്ലകരമായ നയമാറ്റത്തിന്റെ ഘട്ടത്തിനാണ് ഡോ. മൻമോഹൻ സിംഗ് തുടക്കമിട്ടത്.

ജവഹർലാൽ നെഹ്റുവിന് ശേഷം 5 വർഷം പൂർത്തിയാക്കിയ ശേഷം വീണ്ടും അധികാരത്തിലെത്തിയ ആദ്യ പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. 1991ൽ നരസിംഹറാവു ഗവൺമെന്റിൽ അപ്രതീക്ഷിതമായി അദ്ദേഹം ധനമന്ത്രിയായി. കോൺഗ്രസിന് ഭരണം നഷ്ടമായ 1998 മുതൽ 2004 വരെ രാജ്യസഭയിൽ പ്രതിപക്ഷ നേതാവായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. 33 വർഷത്തെ സേവനത്തിന് ശേഷം ഈ വർഷം ഏപ്രിലിലാണ് അദ്ദേഹം രാജ്യസഭയിൽ നിന്ന് വിരമിച്ചത്. റിസർവ് ബാങ്ക് ഗവർണറായും അന്താരാഷ്ട്ര നാണ്യനിധിയുടെ ഇന്ത്യയിലെ ഡയറക്ടറായും ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷനായും UGC അധ്യക്ഷനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1987ൽ രാജ്യം ഡോ. മൻമോഹൻസിങ്ങിനെ പത്മവിഭൂഷൺ നൽകി ആദരിച്ചു.

1932 സെപ്റ്റംബർ 26ന് ഇപ്പോഴത്തെ പാകിസ്താനിലെ പഞ്ചാബിലെ ഗാഹിൽ, സിഖ് കുടുംബത്തിലായിരുന്നു ജനനം.പഞ്ചാബ് സർവകലാശാലയിൽ നിന്ന്

സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ അദ്ദേഹം പഞ്ചാബ് സർവകലാശാലയിലെ അധ്യാപകനായാണ് തുടക്കം.

1972ൽ ധനകാര്യ മന്ത്രാലയത്തിൽ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായി. 1976ൽ ധനകാര്യ മന്ത്രാലയ സെക്രട്ടറിയായി. 1980-82 – ആസൂത്രണ കമ്മീഷൻ അംഗമായി. 1982 ൽ ഇന്ദിരഗാന്ധി മന്ത്രിസഭയിൽ പ്രണബ് മുഖർജി ധനകാര്യ മന്ത്രിയായിരിക്കെയാണ് റിസർവ് ബാങ്ക് ഗവർണറായി നിയമനം.

✪✪✪

അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന് ദേശീയ നേതാക്കൾ അന്ത്യാഞ്ജലി അർപ്പിച്ചു.

ഡോ. മൻമോഹൻ സിങ്ങിന്റെ വിയോഗം രാജ്യത്തെ അതീവ ദുഃഖത്തിലാഴ്ത്തിയെന്ന് വിഡിയോ സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ജനങ്ങൾക്ക് എങ്ങനെ സമരങ്ങൾക്കപ്പുറം ഉയരങ്ങൾ കൈവരിക്കാൻ കഴിയുമെന്നതിന്റെ മാതൃകയാണ് അദ്ദേഹത്തിന്റെ ജീവിതമെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു.

സത്യസന്ധനായ മനുഷ്യൻ, മികച്ച സാമ്പത്തിക വിദഗ്ധൻ, പരിഷ്കരണങ്ങൾക്കായി സ്വയം സമർപ്പിച്ച നേതാവ് എന്നീ നിലകളിൽ ഡോ. സിംഗ് എന്നും ഓർമ്മിക്കപ്പെടുമെന്നും നരേന്ദ്ര മോദി പറഞ്ഞു.

കേന്ദ്രമന്ത്രിമാരായ അമിത് ഷാ, JP നദ്ദ, രാജ്നാഥ് സിംഗ്, ജ്യോതിരാദിത്യ സിന്ധ്യ, മുൻ കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി, ലോക് സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവരും അദ്ദേഹത്തിന്റെ വസതിയിലെത്തി ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന് രാഷ്ട്ര നേതാക്കൾ ആദരാഞ്ജലി നേർന്നു. അഫ്ഗാനിലെ ജനങ്ങളുടെ ഉറ്റസുഹൃത്തായിരുന്നു ഡോ. മൻമോഹൻ സിംഗെന്ന് മുൻ അഫ്ഗാൻ പ്രസിഡന്റ് ഹാമിദ് കർസായി പറഞ്ഞു. മൻമോഹൻ സിംഗിന്റെ വിയോഗത്തോടെ ഇന്ത്യയ്ക്ക് മികച്ച പുത്രന്മാരിൽ ഒരാളെയാണ് നഷ്ടപ്പെട്ടതെന്നും അനുശോചന സന്ദേശത്തിൽ കർസായി പറഞ്ഞു.

ഡോ. മൻമോഹൻ സിംഗിനൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നുവെന്നും വഴികാട്ടിയായ പിതാവിന്റെ സാന്നിധ്യമായിരുന്നു അദ്ദേഹമെന്നും മുൻ മാലിദ്വീപ് പ്രസിഡന്റ് മുഹമ്മദ് നഷീദ് സാമൂഹിക മാധ്യമത്തിൽ പറഞ്ഞു.

ഇന്ത്യ - റഷ്യ ബന്ധം ശക്തിപ്പെടുത്തുന്നതിൽ സുപ്രധാന പങ്കു വഹിച്ച വ്യക്തിയായിരുന്നു ഡോ. മൻമോഹൻ സിംഗെന്ന് റഷ്യൻ അംബാസിഡർ ഡെനീസ് അലിപ്പോവ് പറഞ്ഞു. ഡോ. സിംഗിന്റെ പ്രിയങ്കരമായ പെരുമാറ്റം സാമ്പത്തിക വിദഗ്ധൻ എന്ന നിലയിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈദഗ്ധ്യം ഇന്ത്യയുടെ പുരോഗതിയിൽ മൻമോഹൻ സിംഗ് പ്രകടിപ്പിച്ച അചഞ്ചലമായ വൈദഗ്ധ്യം എന്നിവയെ അലിപ്പോവ് സാമൂഹിക മാധ്യമത്തിൽ പ്രശംസിച്ചു.

✪✪✪

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ പുതുച്ചേരി ലെഫ്.ഗവർണർ K കൈലാസ നാഥൻ, മുഖ്യമന്ത്രി N രംഗസ്വാമി എന്നിവർ അനുശോചിച്ചു.

പ്രൊഫസർ, സാമ്പത്തിക വിദഗ്ധൻ, റിസർവ് ബാങ്ക് ഗവർണർ, പ്രധാനമന്ത്രി എന്നീ നിലകളിൽ ഡോ. സിംഗിന്റെ സമാനതകളില്ലാത്ത സംഭാവനകളെ ലഫ്റ്റനന്റ് ഗവർണർ സന്ദേശത്തിൽ അഭിനന്ദിച്ചു. രാജ്യത്തിന്റെ പുരോഗതിക്ക് വേണ്ടി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ എന്നും വിലമതിക്കപ്പെടുമെന്നും ഗവർണർ പറഞ്ഞു.

രാജ്യത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും സാധാരണക്കാരുടെ ഉന്നമനത്തിനും മുൻഗണന നൽകിയ ദീർഘവീക്ഷണത്തോട് കൂടിയ നേതാവായിരുന്നു ഡോ.സിംഗെന്ന് മുഖ്യമന്ത്രി എൻ.രംഗസാമി അനുസ്മരിച്ചു.

✪✪✪

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന്റെ നിര്യാണത്തിൽ മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണൻ അനുശോചനം രേഖപ്പെടുത്തി. ഡോ. മൻമോഹൻ സിംഗ് ആഗോളതലത്തിൽ അറിയപ്പെടുന്ന സാമ്പത്തിക ശാസ്ത്രജ്ഞനും വിശിഷ്ട പണ്ഡിതനും രാഷ്ട്രതന്ത്രജ്ഞനും മാതൃകാപരമായ പാർലമെന്റേറിയനുമായിരുന്നുവെന്ന് ഗവർണർ അനുശോചന സന്ദേശത്തിൽ കുറിച്ചു.

✪✪✪

ലോകം മുഴുവൻ സാമ്പത്തിക മാന്ദ്യത്തിൽപ്പെട്ട് ഉഴലുമ്പോൾ ഇന്ത്യയെ സാമ്പത്തിക വളർച്ചയുടെ പടവുകൾ കയറ്റിയ വിദഗ്ധനായിരുന്നു ഡോ.മൻമോഹൻ സിംഗെന്ന് ശശി തരൂർ എംപി. അദ്ദേഹത്തിന്റെ സാമ്പത്തിക മാന്ത്രികതയിൽ സർവ മേഖലയിലും ഇന്ത്യ കുതിച്ചുയർന്നപ്പോൾ ലോകനേതാക്കൾ സിംഗിനെ ആരാധനയോടെ കണ്ടതായും ശശിതരൂർ സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

ഡോ. മൻ മോഹൻ സിംഗ് ധനകാര്യ മന്ത്രിയെന്ന നിലയിൽ രാജ്യത്ത് സാമ്പത്തിക രംഗത്തെ പൊളിച്ചെഴുത്ത് നടത്തിയ ഭരണാധികാരിയാണെന്ന് മുൻ എംപി K.മുരളീധരൻ കോഴിക്കോട് പറഞ്ഞു. പ്രധാനമന്ത്രി പദം വഹിച്ച ഘട്ടത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയും വിവരവകാശ നിയമവും കാർഷിക കടാശ്വാസവും ഭക്ഷ്യ സുരക്ഷ നിയമവും നടപ്പാക്കി. നയങ്ങളിൽ വിട്ടുവീഴ്ച ചെയ്തില്ല, ആണവ കരാർ വിഷയത്തിൽ ഉറച്ച നിലപാടെടുത്തുവെന്നും K. മുരളീധരൻ പറഞ്ഞു.

✪✪✪

രാജ്യത്തിന്റെ അഭിമാനമായിരുന്ന ഡോ. മൻമോഹൻ സിംഗ് ഇന്ത്യയെ വലിയ നേട്ടങ്ങളിലേക്ക് നയിച്ചതായി മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഡോ.മൻമോഹൻ സിങ്ങിന്റെ വിയോഗം അന്തർ ദേശീയ തലത്തിൽ തന്നെ ഒരു വിദഗ്ദ്ധന്റെ നികത്താവാത്ത വിടവാണെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ AICC ജന. സെക്രട്ടറി KC വേണുഗോപാൽ, KPCC പ്രസിഡന്റ് K. സുധാകരൻ, പ്രതിപക്ഷ നേതാവ് VD സതീശൻ, കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല എന്നിവരും അനുശോചിച്ചു.

✪✪✪

ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ ആദരസൂചകമായി രാജ്യത്ത് ഏഴു ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു. ഇന്ന് നടത്താനിരുന്ന എല്ലാ ഗവൺമെന്റ് പരിപാടികളും റദ്ദാക്കിയതായി ഔദ്യോഗിക കേന്ദ്രങ്ങൾ ന്യൂഡൽഹിയിൽ അറിയിച്ചു. ഡോ. മൻമോഹൻ സിങ്ങിന്റെ സംസ്കാര ചടങ്ങുകൾ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടക്കും.

✪✪✪

മൻമോഹൻ സിങിനോടു ആദരസൂചകമായി കോൺഗ്രസിന്റെ അടുത്ത ഏഴ് ദിവസത്തെ എല്ലാ പരിപാടികളും റദ്ദാക്കിയതായി AICC ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ അറിയിച്ചു.

✪✪✪

വിദേശകാര്യമന്ത്രി S.ജയ്‌ശങ്കർ, US ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക് സള്ളിവനുമായി വാഷിംഗ്ടണിൽ കൂടിക്കാഴ്ച നടത്തി.

ഇന്ത്യ - US തന്ത്രപര പങ്കാളിത്തത്തിലെ പുരോഗതിയും നിലവിലെ ആഗോള, മേഖലാതല വിഷയങ്ങളും ചർച്ചാ വിഷയമായി.

✪✪✪

വയനാട് ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുന:രധിവാസത്തിന് ടൗൺഷിപ്പ് നിർമിക്കാൻ ഗവൺമെന്റ് കണ്ടെത്തിയ എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കാമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഉടമകൾ നൽകിയ ഹർജി ഹൈക്കോടതി സിംഗിൾ ബെഞ്ച് തള്ളി. എസ്റ്റേറ്റ് ഉടമകൾക്ക് ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം നഷ്ടപരിഹാരം നൽകണമെന്നും കോടതി ഉത്തരവിൽ പറയുന്നു.

ഭൂമി അളന്നു തിട്ടപ്പെടുത്താൻ ഗവൺമെന്റിന് വേണ്ട സഹായം ചെയ്തു കൊടുക്കണമെന്നും, നഷ്ടപരിഹാരത്തിൽ തർക്കം ഉണ്ടെങ്കിൽ എസ്റ്റേറ്റ് ഉടമകൾക്ക് നിയമ നടപടികളുമായി മുന്നോട്ടു പോകാമെന്നും സിംഗിൾ ബെഞ്ച് ഉത്തരവിട്ടു. നാളെ മുതൽ ഗവണ്മെന്റിന് ഭൂമി അളന്നു തിട്ടപ്പെടുത്താമെന്നും ഇതിന് നടപടി ആരംഭിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി.

✪✪✪

വയനാട് പുന:രധിവാസത്തിന് ഭൂമി ഏറ്റെടുക്കാമെന്ന ഹൈക്കോടതി വിധി സംസ്ഥാന ഗവൺമെന്റിന്റെ  നിലപാടുകൾ ശരി വയ്ക്കുന്നതാണെന്ന് മന്ത്രി K രാജൻ പറഞ്ഞു.

പുനരധിവാസം വൈകിയിട്ടില്ലെന്നും കോടതി വിധി മനുഷ്യന്റെ ഹൃദയം അറിയുന്നതാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ദുരന്തത്തിന് ഇരയായവരുടെ ബന്ധുക്കളുടെ ആവശ്യം പരിഗണിച്ചും വയനാടിന്റെ ഭൂ സ്ഥിതി മനസ്സിലാക്കിയുമാണ് ടൗൺഷിപ് എന്ന ആശയത്തിലേക്ക് എത്തിയതെന്നും മന്ത്രി അറിയിച്ചു.

✪✪✪

2023-24 സാമ്പത്തിക വർഷത്തിൽ തുടർച്ചയായ ആറാം വർഷവും ബാങ്കുകളുടെ ലാഭം വർദ്ധിച്ചതായും 2024-25 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ വർദ്ധന തുടരുകയാണെന്നും റിസർവ് ബാങ്ക് അറിയിച്ചു.

✪✪✪

CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. പൂർത്തിയായ ജില്ലാ സമ്മേളനങ്ങളുടെ അവലോകനം, വന നിയമ ഭേദഗതി തുടങ്ങിയവ യോഗം പരിഗണിച്ചേക്കും. നിലവിലെ ബിഹാർ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറുടെ നിയമനവും യോഗത്തിൽ ചർച്ചയായേക്കും.

✪✪✪

കാസർകോട് പെരിയ ഇരട്ട കൊലക്കേസിൽ കൊച്ചി CBI കോടതി നാളെ വിധി പറയും. 2019 ഫെബ്രുവരി 17നാണ് ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനേയും ശരത് ലാലിനേയും കല്ല്യോട്ട്  വെച്ച് ഒരു സംഘം വെട്ടികൊലപ്പെടുത്തിയത്.

✪✪✪

മെൽബണിൽ ഇന്ത്യയ്ക്കെതിരായ ബോർഡർ-ഗവാസ്കർ ട്രോഫിയുടെ നാലാം ടെസ്റ്റ് മത്സരത്തിന്റെ രണ്ടാം ദിവസം  ആദ്യ ഇന്നിംഗ്സ് പുനരാരംഭിച്ച ഓസ്ട്രേലിയ 474 റൺസെടുത്തു പുറത്തായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ രണ്ട് വിക്കറ്റിന്  148 റൺസെടുത്തിട്ടുണ്ട്.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ കേരളം ഇന്ന് ജമ്മു കശ്മീരിനെ നേരിടും. ഉച്ചയ്ക്ക് രണ്ടരയ്ക്ക് ഹൈദരാബാദിലാണ് മത്സരം.

✪✪✪